LIBRARY ARCHIVES Kerala Legislative Assembly

## കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് പ്രസ്സ്

240 (1714) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ ഇതുവരെ ഗവ.പ്രസ്സ് സ്ഥാപിക്കാത്തത് എന്തുകൊണ്ട്; ഈ പോരായ്മ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ പ്രിന്റിംഗ് പ്രസ്സിന്റെ അഭാവത്തിൽ കാസർഗോഡ് ജില്ലയ്ക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ എവിടെയാണ് ചെയ്യുന്നത്;

(സി) മറ്റ് ജില്ലകളിലെ പ്രസ്സിൽ കാസർഗോട് ജില്ലയ്ക്ക് വേണ്ടിയുള്ള പ്രിന്റിംഗ് ജോലികൾ ചെയ്യേണ്ടി വരുന്നതുമൂലമുള്ള അധിക ചിലവും കാലതാമസവും ഒഴിവാക്കാൻ കാസർഗോഡ് ഒരു പ്രസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പ്രസ്സ് ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രിന്റിംഗ് ജോലികളുടെ മുൻഗണനാക്രമം അനുസരിച്ച് വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടി ജോലികൾ ചെയ്തുവരുന്നു.

(സി) പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

## കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

241 (1715) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ടിനു കീഴിൽ ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?